## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2423 — 12.03.2020-ൽ മറുപടിയ്ക്ക്.

## പാൽ ക്ഷാമം മറികടക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന് | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) പാൽക്ഷാമം മറികടക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് അനുഭവപ്പെട്ട രൂക്ഷമായ വരൾച്ച കാരണം പച്ചപ്പുല്ലിന്റേയും ശുദ്ധജലത്തിന്റേയും ദൗർലഭ്യം ഉണ്ടായതിനാൽ പാൽ ഉൽപ്പാദനത്തിൽ നേരിയ കുറവ് വന്നിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി മിൽമ പ്രതിദിനം ശരാശരി 2.45 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നും കൊണ്ടുവരുന്നുണ്ട്. കൂടാതെ മഹാരാഷ്ട്ര, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നും 82 മെട്രിക് ടൺ പാൽപ്പൊടിയും സംഭരിക്കുന്നു. മലബാർ മേഖലാ യൂണിയൻ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ യഥാക്രമം 14,37000, 3,67000 ലിറ്ററും മാർച്ച് അഞ്ചാം തീയതി വരെ 35,000 ലിറ്റർ പാലും സഹോദര യൂണിയനുകൾക്ക് നൽകി. മലബാർ മേഖലയിൽ ഉൽപ്പാദനം അഞ്ച് ശതമാനം കുറഞ്ഞതായി കണ്ടെത്തിയതിനാൽ മഹാരാഷ്ട്രയിൽ നിന്നും പ്രതിദിനം 10,000 ലിറ്റർ പാൽ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് ഇപ്പോൾ പാൽ ഇറക്കുമതി ചെയ്യുന്നതെന്ന് അറിയിക്കാമോ; | (ബി) നിലവിൽ മിൽമ മുഖേന തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് പാൽ ഇറക്കുമതി ചെയ്യുന്നത് |
| (സി) പാൽ ഇറക്കുമതി നിർത്തി പാൽ കയറ്റുമതി ചെയ്യുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) പാൽ ഉല്പാദനത്തിൽ മിച്ച സംസ്ഥാനമായി മാറ്റിയെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ക്ഷീരോല്പാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തതയിലേക്ക് നീങ്ങിക്കൊണ്ടിരുന്ന സന്ദർഭത്തിലുണ്ടായ പ്രളയം ഉൾപ്പെടെയുള്ള പ്രകൃതി ക്ഷോഭമാണ് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് തടസ്സമായത്. എന്നിരുന്നാലും ആവശ്യകതയുടെ 85%-ൽ അധികം തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നുണ്ട്. |

കർഷക സൗഹൃദമായ കൂടുതൽ പദ്ധതികൾ നടപ്പാക്കി, പാലിന് മെച്ചപ്പെട്ട വിലയും വിപണിയും ഉറപ്പാക്കി പാലിന്റെ ഉൽപ്പാദനത്തിൽ മിച്ച സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**സെക്ഷൻ ഓഫീസർ**